**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1032** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>തീരദേശ പാതകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള ഫണ്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യബന്ധന വകുപ്പിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ച് തീരദേശ പാതകൾ ഗതാഗത യോഗ്യമാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

**<u>മറുപടി:</u>** മത്സ്യബന്ധന വകുപ്പിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ച് തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നത് സ.ഉ.(സാധാ)നം.127/2019/മ.തു.വ. തീയതി, 15.02.2019-ലെ മാനദണ്ഡ പ്രകാരമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

**(ബി)** ഉൾനാടൻ ഗ്രാമങ്ങളിലെയും മലയോര മേഖലകളിലെയും ജലാശയങ്ങളിലും പുഴകളിലും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ളവർ താമസിക്കുന്ന പ്രദേശങ്ങളിലെ ഗ്രാമീണ പാതകൾ ഗതാഗത യോഗ്യമാക്കുന്നതിന് പ്രസ്തുത ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉൾനാടൻ ഗ്രാമങ്ങളിലോ മലയോര മേഖലയിലോ മത്സ്യത്തൊഴിലാളികൾ താമസിക്കുന്നുവെന്നതിനെ മാത്രം അടിസ്ഥാനമാക്കി അവിടെയുള്ള എല്ലാ ഗ്രാമീണ റോഡുകളും തീരദേശ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ.ഉ.(സാധാ)നം.127/2019/മ.തു.വ. തീയതി, 15.02.2019 പ്രകാരം വ്യവസ്ഥയില്ല. എന്നാൽ പ്രസ്തുത റോഡ് ടി ഉത്തരവിൽ പരാമർശിച്ച ബി, സി എന്നീ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - തീരദേശറോഡുകളുടെ ഗണത്തിൽ ഉൾപ്പെടുത്തി നിർമ്മാണത്തിനായി റോഡുകൾ തിരഞ്ഞെടുക്കുമ്പോൾ സ്വീകരിക്കേണ്ട വ്യവസ്ഥകളും മാനദണ്ഡങ്ങളും ഉൾപ്പെടുത്തി പുതിയ മാർഗ്ഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ(സാധാ)നം.127/2019/മ.തു.വ** **തിരുവനന്തപുരം, തീയതി,15.02.2019**

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 31.10.2017, 23.11.2017 -ലെ ഡി9/4601/10/സി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന റോഡുകൾ, റോഡുകൾ സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യേണ്ട അധികാരികൾ, ഏറ്റെടുക്കാവുന്ന വിവിധ ഏജൻസികളുടെ റോഡുകൾ എന്നിവ ഉൾപ്പെടുത്തിയ പുതിയ മാർഗ്ഗരേഖ അംഗീകരിച്ച് നൽകണമെന്ന് പരാമർശ കത്തു പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന റോഡുകൾ, റോഡുകൾ സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യേണ്ട അധികാരികൾ, ഏറ്റെടുക്കാവുന്ന വിവിധ ഏജൻസികളുടെ റോഡുകൾ എന്നിവ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന പുതിയ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

1. **തീരദേശ റോഡുകളുടെ നിലവാരമുയർത്താൻ പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന റോഡുകൾ.**

   a) റോഡുകൾ 90% എങ്കിലും കടൽ തീരത്തെ High water line -ൽ നിന്നും 8 കി.മീ ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

   b) ഒരു റോഡിന്റെ 90% എങ്കിലും കായൽ തീരങ്ങളിൽ നിന്നും 5 കി.മീ ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

c) ഒരു റോഡിന്റെ 90% എങ്കിലും നദീതീരങ്ങൾ/കടവുകളിൽ നിന്നും 5 കി.മീ ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ.

d) ഫിഷർമെൻ കോളനിയിലേയ്ക്കുള്ള റോഡുകൾ.

e) സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ, ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവയിലേയ്ക്കുള്ള കണക്റ്റിവിറ്റി റോഡുകൾ, ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവയ്ക്കുള്ളിലെ റോഡുകൾ, ഹാർബർ കണക്റ്റിവിറ്റി റോഡുകൾ.

f) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ റോഡുകളും.

g) മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള റോഡുകളാണ് തീരദേശറോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതെന്ന വകുപ്പിന്റെ സാക്ഷിപത്രം സഹിതം എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

## 2. റോഡുകൾ സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യേണ്ട അധികാരികൾ.

(a) ബഹു. ഫിഷറീസ് മന്ത്രി/ബഹു. ലോകസഭാംഗങ്ങൾ/ ബഹു. നിയമസഭാ സാമാജികർ ഇവരിലാരെങ്കിലും ശുപാർശ ചെയ്യുന്ന റോഡുകൾ.

(b) ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ കമ്മിറ്റി തീരുമാനം (resolution) പ്രകാരം ശുപാർശ ചെയ്യുന്ന റോഡുകൾ

(c) ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശുപാർശ ചെയ്യുന്ന ഹാർബറിലേയ്ക്കും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയ്ക്കും നേരിട്ടുള്ള കണക്റ്റിവിറ്റി റോഡും, ഹാർബർ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം എന്നിവയ്ക്കുള്ളിലെ റോഡുകൾ, ഹാർബർ - ഹാർബർ കണക്റ്റിവിറ്റി റോഡുകൾ.

(d) ഫിഷറീസ് ഡയറക്ടർ ശുപാർശ ചെയ്യുന്ന ഫിഷ് ഫാം/ ഹാച്ചറി/ അക്വേറിയങ്ങൾ, മത്സ്യത്തൊഴിലാളി/മത്സ്യകർഷക പരിശീലന കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ളിലെ റോഡുകളും അവയിലേയ്ക്കുള്ള കണക്റ്റിവിറ്റി റോഡുകൾ, ഹാച്ചറികൾക്കുള്ളിലേയ്ക്കുള്ള റോഡുകൾ.

## 3. ഏറ്റെടുക്കാവുന്ന വിവിധ ഏജൻസികളുടെ റോഡുകൾ

a) മുകളിൽ പറഞ്ഞ തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ വരുന്ന പുതിയ റോഡുകൾ.

b) തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ (അവരുടെ സമ്മതപത്രത്തോടു കൂടിയുള്ളവ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ മറ്റ് വകുപ്പുകളുടെയോ അധീനതയിലുള്ള സ്ഥലത്ത് പുതുതായി റോഡ് നിർമ്മിക്കാൻ നിർദ്ദേശിക്കുമ്പോഴോ, നിലവിലുള്ള റോഡുകളുടെ നിലവാരമുയർത്താൻ നിർദ്ദേശിക്കുമ്പോഴോ, ടി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്താൽ തുടർ പരിപാലനം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം/വകുപ്പ് നിർവ്വഹിക്കാമെന്ന ഉറപ്പ് കൂടി

റോഡ് നിർമ്മാണം/പുനരധിവാസം ഏറ്റെടുക്കുന്നതിൽ മുൻപ് ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ചിട്ടുണ്ടാകണം.

c) ഏതെങ്കിലും പി.ഡബ്ല്യൂ.ഡി റോഡുകൾ ഈ പദ്ധതിയിൽ ചെയ്യേണ്ടതുണ്ടെങ്കിൽ അത് സർക്കാർ നിർദ്ദേശ പ്രകാരം.

4. **ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിക്കുന്ന എല്ലാ റോഡുകളും വകുപ്പിന്റെ അസറ്റ് രജിസ്റ്ററിൽ (Asset Register) രേഖപ്പെടുത്തേണ്ടതും കാലാനുസൃതമായി ടി രജിസ്റ്റർ പുതുക്കേണ്ടതുമാണ്.**

**ഗവർണറുടെ ഉത്തരവിൻപ്രകാരം**
**കെ.ആർ.ജ്യോതിലാൽ**
**ഗവൺമെൻറ് പ്രിൻസിപ്പൽ സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ആഫീസർ**